# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**

പി.ആർ.ഒ./39/236/2018 2018 നവംബർ 5

## എം.ജി. വാർത്താക്കുറിപ്പ്

---

### റെക്കോഡ് വേഗത്തിൽ ഫലപ്രഖ്യാപനം;

### 11 ദിവസംകൊണ്ട് എൽ.എൽ.ബി. ഫലം

11 ദിവസംകൊണ്ട് പത്താം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്/പഞ്ചവത്സരം - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ച് മഹാത്മാ ഗാന്ധി സർവകലാശാല. സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ ഒക്ടോബർ 12 മുതൽ 17 വരെ നടന്ന തിയറി പരീക്ഷയുടെയും 25ന് നടന്ന വൈവാവോസി പരീക്ഷയുടെയും ഫലമാണ് ഒന്നരയാഴ്ചയ്ക്കുള്ളിൽ പരീക്ഷാവിഭാഗം പ്രസിദ്ധീകരിച്ചത്. പരീക്ഷ കഴിഞ്ഞയുടൻ മൂല്യനിർണയ ക്യാമ്പ് നടത്തി ഉടൻതന്നെ ഫലം പ്രഖ്യാപിക്കാൻ മികച്ച നിലയിൽ പ്രവർത്തിച്ച പരീക്ഷാ വിഭാഗത്തിലെ ഇ.ഐ. 29 സെക്ഷനിലേയും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച മറ്റ് സെക്ഷനുകളിലെയും ജീവനക്കാരെ സിൻഡിക്കേറ്റ് പരീക്ഷാ ഉപസമിതി അഭിനന്ദിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 21 വരെ അപേക്ഷിക്കാം.

രണ്ടും അഞ്ചും സെമസ്റ്റർ ബിരുദ (സി.ബി.സി.എസ്.എസ്.) പരീക്ഷകളുടെ ഫലം വേഗത്തിൽ പ്രഖ്യാപിക്കുന്നതിനുവേണ്ടി കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകൾ എട്ടിടങ്ങളിലായി നടന്നുവരികയാണ്. അഞ്ചാം സെമസ്റ്റർ പരീക്ഷ ഒക്ടോബറിലാണ് നടന്നത്.

### വൈവാവോസി

നാലാം സെമസ്റ്റർ എം.ബി.എ. ജൂലൈ 2018 (2016 അഡ്മിഷൻ റഗുലർ/2013-15 അഡ്മിഷൻ സപ്ലിമെന്ററി/2012 അഡ്മിഷൻ ഒന്നാമത്തെ മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷൻ/വൈവാവോസി നവംബർ എട്ട് മുതൽ 19 വരെ വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

### ബി.എ. സൂക്ഷ്മപരിശോധന

നാലാം സെമസ്റ്റർ ബി.എ. മാർച്ച് 2018 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ച വിദ്യാർഥികൾ നവംബർ എട്ട്, ഒൻപത് തീയതികളിൽ തിരിച്ചറിയൽ രേഖയുമായി സിൽവർ ജൂബിലി പരീക്ഷാഭവനിലെ റൂം നമ്പർ 413ൽ എത്തണം.

### പരീക്ഷാഫലം

2018 ജനുവരിയിൽ നടത്തിയ ഒന്നു മുതൽ നാലു വരെ സെമസ്റ്റർ എം.എസ്‌സി. ബയോകെമിസ്ട്രി, മൈക്രോബയോളജി (നോൺ സി.എസ്.എസ്.) മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 16 വരെ അപേക്ഷിക്കാം.

2018 മെയിൽ നടത്തിയ ബി.ടെക് (സീപാസ് കോളേജുകളുടെ) അഞ്ചാം സെമസ്റ്റർ റഗുലർ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 19 വരെ അപേക്ഷിക്കാം.

### പ്രാക്ടിക്കൽ

2018 ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എസ്‌സി. ഫുഡ് സയൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ (സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 15 മുതൽ 27 വരെ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**<u>കോഴഞ്ചേരി കോളജിലെ അനിഷ്ടസംഭവം</u>**

**<u>വ്യക്തിപരം; സർവകലാശാലയ്ക്ക് ബന്ധമില്ല</u>**

(പത്തനംതിട്ട എഡിഷനിലേക്ക്)

കോഴഞ്ചേരി സെന്റ് തോമസ് കോളജിൽ മൂല്യനിർണയ ക്യാമ്പിൽ നടന്ന അനിഷ്ട സംഭവങ്ങൾ വ്യക്തിപരമായ വിഷയങ്ങളിലായിരുന്നെന്നും മൂല്യനിർണയവുമായി ബന്ധപ്പെട്ടല്ലെന്നും മഹാത്മാ ഗാന്ധി സർവകലാശാല. സർവകലാശാലയുമായി സംഭവങ്ങൾക്ക് ബന്ധമില്ലെന്നും മൂല്യനിർണയത്തിന് നിയോഗിച്ച അധ്യാപകർ സമയബന്ധിതമായി ഇതു പൂർത്തീകരിക്കണമെന്നും രജിസ്ട്രാർ അറിയിച്ചു.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ